**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1087** **30-06-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എം.എസ്.വൈ. പദ്ധതിയിൽ ഏതൊക്കെ ജില്ലകളെയാണ് നിലവിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകളും കടൽ സുരക്ഷാ ഉപകരണങ്ങളും നൽകുന്ന പദ്ധതിയിൽ നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | മലപ്പുറം ജില്ല ഉൾപ്പെടെ കൂടുതൽ ജില്ലകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | നിലവിൽ 6 ഗ്രൂപ്പുകളാണ് ഈ പദ്ധതിയിൽ അംഗങ്ങളാകാൻ മുന്നോട്ട് വന്നിട്ടിട്ടുള്ളത്. ആകെ 10 ഗ്രൂപ്പുകൾക്ക് ഈ പദ്ധതി പ്രകാരം ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ ലഭ്യമാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. അപേക്ഷകൾ ലഭ്യമായാൽ മറ്റു ജില്ലകളെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്. |
| (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം കേടുകൂടാതെ തീരത്ത് എത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യം കേട്ട കൂടാതെ ശാസ്ത്രീയമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിന് കടലിൽ മത്സ്യം പിടിക്കുന്നതു മുതൽ അത് ഹാർബറിൽ എത്തി കണ്ടെയ്നർ ലോറികളിൽ മാർക്കറ്റിലെത്തിച്ച് ഉപഭോക്താവിൽ എത്തുന്നതുവരെയുള്ള കോൾഡ് ചെയിൻ മാനേജ്മെന്റ് എന്ന ആശയം യാഥാർത്ഥ്യമാക്കുന്നതിനായി ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ബോക്സുകൾ നൽകുന്ന പദ്ധതി. 75% സബ്സിഡിയോടെയാണ് ഇൻസുലേറ്റഡ് ബോക്സുകൾ വിതരണം ചെയ്യുന്നത്. 2021-2022 വർഷത്തിൽ 310 ലിറ്റർ, 460 ലിറ്റർ, 660 ലിറ്റർ എന്നീ സംഭരണ ശേഷിയുള്ള 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ